# ‘സാമൂഹിക തിന്മകൾക്കെതിരെ സഭകൾ ശബ്ദമുയർത്തണം’

മാരാമൺ: മദ്യം, മയക്കുമരുന്ന്, ഭൂമാഫിയ, അധാർമികത തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെ ശബ്ദമുയർത്താൻ സഭകൾ തയാറാവണമെന്ന് ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു.

മാരാമൺ കൺവൻഷൻ നാലാം ദിനം സാമൂഹിക തിന്മകൾക്കെതിരെയുള്ള സമ്മേളനത്തിൽ മുഖ്യ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ദൈവത്തിന്റെ ആലയമായ മനുഷ്യശരീരം പരിശുദ്ധമാണെന്നു തിരിച്ചറിയണം. സാമൂഹിക തിന്മകളുടെ സ്വാധീനം ഏറെയുള്ളതു കുട്ടികളിലും യുവാക്കളിലുമാണ്. അവരെയോർത്തു കണ്ണീരൊഴുക്കുന്ന അമ്മമാരുടെയും ഭാര്യമാരുടെയും വേദനകളെ സഭയ്ക്കും സമൂഹത്തിനും കണ്ടില്ലെന്നു നടിക്കാനാവില്ല. ആവശ്യം, സൗകര്യം, ആഡംബരം എന്നിവയുടെ അർഥം തിരിച്ചറിഞ്ഞാൽ മാത്രമേ പണത്തിന്റെ വിനിയോഗത്തിനു നിയന്ത്രണം ഏർപ്പെടുത്താൻ കഴിയൂ. പ്രായോഗിക നിരീശരത്വം, മതമൗലികവാദം, വിവാഹ ബന്ധങ്ങളിലെ തകർച്ച എന്നീ മേഖലകളിൽ സഭ ഇടപെടേണ്ടതുണ്ട്. ദൈവാത്മാവിനാൽ നിറഞ്ഞു സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കണം എന്നതാവണം ക്രിസ്തുസാക്ഷികളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.



*ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്*

ഡോ. ഏബ്രഹാം മാർ പൗലോസ് അധ്യക്ഷത വഹിച്ചു. റവ. ഇ. ജെ. ജോസഫ് പ്രാർഥന നയിച്ചു. റവ. സൈമൺ ഏബ്രഹാം പ്രസംഗിച്ചു.

തുടർന്നു നടന്ന കുടുംബവേദി സമ്മേളനത്തിൽ മദ്യാസക്തിയിൽ നിന്നു വിമുക്തരാക്കപ്പെട്ടവർ തങ്ങളുടെ അനുഭവം പങ്കുവച്ചു. റവ. കെ. തോമസ് ക്ലാസ് എടുത്തു.

റവ. ഇ. ജെ. ജോർജ്, സിസ്റ്റർ ജൊവാൻ ചുങ്കപ്പുര, ജോയൻ കുമരകം, റവ. തോമസ് പി. ജോർജ്, റവ. പി. ജെ. മാമ്മച്ചൻ, റവ. എം. കെ. ബിജു എന്നിവർ പ്രസംഗിച്ചു.